ISSN:2582-550X

# What does 2021 remind us of?

**Dr. Shamshad Hussain K. T**

What does 2021 remind India of? The success of the Indian Farmers' Protest is the major incident that India witnessed in 2021. Though the government decided to repeal the three farm laws on 19th November 2021, the farmers union demanded that the central government's policies be farmer-friendly and ensure a Minimum Support Price. They haven't trusted the Prime Minister's vow and wanted him to convene a special parliament session to repeal the farm laws. Almost 500 farmers' organizations participated in the protest under the coordination of Samyukt Kisan Morcha. The farmers didn't retreat when they were stopped at Delhi and mass arrests took place. The protesters were so dauntless that they wanted the authorities to meet them for the discussion at the place they decide. The protests give us insights on several issues. They continued the struggle when the government agreed to meet some of their needs and tried to repress them by arresting the leaders. The Farmers' Struggle gained public attention worldwide and the Central Government was forced to repeal the bills. Farmers are producers of food and they feed us through their hard work. Who else can dissent from the fascist government better than them?

The suicide of Baba Ram Singh as a protest against the government, the letters written in blood addressing the P. M., the intervention of the Supreme Court by staying on the laws, the support of popular icons like Pop singer Rihanna Fenty, Swedish environmentalist Greta Thunberg, etc. were crucial involvements in

the Farmers' Protest. The NDA government realized that the farmers cannot be defeated and the plans of counter-protesters too failed. Even though the protest had several martyrs, this more-than-a-year-long struggle for rights is the major achievement of 2021.

The biggest losses of 2021 are the deaths of eminent personalities namely, the politician K. R. Gauri Amma, Malayalam actors Nedumudi Venu and Rizabawa, Hindi actor Dilip Kumar, and Indian journalist Danish Siddiqui. K. R. Gauri Amma succeeded in her political career and continued in it till her death. She has left the familial bonds for her ideology and the political institution. Though Rizabawa acted in more than 150 movies and is popular among the Malayali audience, it is a harsh reality that the Malayalam film industry failed to explore his acting potential. Coming from a theatre background, he was not cast in good and variant roles in Malayalam. But his physique and body language on the screen changed the perception of the villain roles in Malayalam cinema. Nedumudi Venu was a veteran actor noted for his versatile roles in South Indian movies. The characters portrayed by Venu outlive the actor himself.

The demise of the Indian photojournalist Danish Siddiqui who was acclaimed for documenting the Rohingya refugee crisis strikes painfully. The dubiousness of his death continues although he was a leading journalist for Reuters. The nationalist hailers weren't much interested in knowing the truth albeit killed by the Taliban. But people from different parts of the world who are acquainted with his works raised their voices demanding a proper elucidation on his death. The most heartrending experience of 2021 was the image of the public and the notable figures paying tribute to his death.

**Dr. Shamshad Hussain K.T**

ISSN:2582-550X

എഡിറ്റോറിയൽ

# 2021 ഓർമ്മിപ്പിക്കുന്നത് എന്തൊക്കെയാണ്?.

ഡോ. ഷംഷാദ് ഹുസൈൻ കെ.ടി

2021 ഓർമ്മിപ്പിക്കുന്നത് എന്തൊക്കെയാണ്?. ഒന്നാമതായി കർഷകരുടെ സമരം വിജയം തന്നെയായിരുന്നു. കർഷക വിരുദ്ധമായ നിയമങ്ങൾ റദ്ദാക്കിക്കൊണ്ട് നവംബർ 19ന് തീരുമാനം ഉണ്ടായെങ്കിലും നിയമങ്ങൾ പിൻവലിച്ചതുകൊണ്ട് മാത്രമായില്ലെന്നും, കർഷകരോടുള്ള കേന്ദ്ര സർക്കാർ നയങ്ങൾ മാറേണ്ടതുണ്ടെന്ന് ആവശ്യപ്പെട്ടും, പ്രധാനമന്ത്രിയുടെ വാക്കിൽ വിശ്വാസമില്ലെന്നും പാർലമെന്റ് വഴി നിയമങ്ങൾ പിൻവലിക്കുന്നതുവരെ സമരം അവസാനിപ്പിക്കില്ലെന്ന നിലപാടായിരുന്നു സംയുക്ത കിസാൻ മോർച്ച സ്വീകരിച്ചത്. 2020-ൽ ആരംഭിച്ച സമരത്തിൽ അഞ്ഞൂറോളം സംഘടനകൾ പങ്കെടുത്തിരുന്നു. ഡൽഹിയിലേക്കുള്ള പ്രവേശനം തടഞ്ഞത്, മാസ് അറസ്റ്റുകൾ ഇതൊന്നുംതന്നെ കർഷകരെ തളർത്തിയില്ല. ഈ സമരം പല പാഠങ്ങളും നമുക്ക് തരുന്നുണ്ട്. ചർച്ചക്ക് വിളിച്ച അധികാരികളോട് ഞങ്ങൾ പറയുന്നിടത്തേക്ക് നിങ്ങളാണ് എത്തേണ്ടതെന്ന ധർഷട്യത്തോട് പറയാനവർക്ക് പറ്റി. കേവലമായ ചില വാഗ്ദാനങ്ങളിൽ വഴങ്ങാതെ സമരം തുടർന്നത്. ചെറിയ ഭേദഗതികൾ അംഗീകരിക്കാതെ സമരത്തിൽ ഉറച്ചുനിന്നത്. മാസ് അറസ്റ്റും നേതാക്കളുടെ അറസ്റ്റും അവരെ തളർത്തിയില്ല. പിന്നീട് ലോകശ്രദ്ധയിലേക്ക് സമരം എത്തിയെങ്കിലും അതിനെതിരെ ദേശീയതകൊണ്ട് പിടിച്ചുനിൽക്കാൻ സർക്കാറിന് കഴിഞ്ഞില്ല. ഒടുവിൽ അവരുടെ ആവശ്യങ്ങൾ പൂർണമായി അംഗീകരിക്കുന്ന രീതിയിൽ അധികാരിവർഗ്ഗം മുട്ടുമടക്കുന്നത് നാം കണ്ടു. കർഷകർ ഉൽപാദകരാണ്, നമ്മളെയെല്ലാം തീറ്റിപ്പോറ്റുന്നവർ. അവർക്കല്ലാതെ ആർക്കാണ് ഇത്രയും ശക്തമായി ഫാസിസ്റ്റുകളോട് കലഹിക്കാനാവുക.

ബാബരാംസിംങിന്റെ പ്രതിഷേധ ആത്മഹത്യ, രക്തം കൊണ്ട് കത്തെഴുതി അയക്കൽ, വിവാദ നിയമങ്ങൾ സ്റ്റേ ചെയ്തുകൊണ്ടുള്ള സുപ്രീം കോടതിയുടെ ഇടപെടൽ, പോപ് ഗായിക റിഹാനയുടെ ഗ്രേറ്റാതുംബർഗ്ഗ് തുടങ്ങിയവരുടെ പിന്തുണ യും ഇതിനെ വളരെയധികം മുന്നോട്ടു കൊണ്ടുപോയ സംഭവങ്ങളാ യിരുന്നു. പല തരത്തിൽ ഇതിനെ തോൽപ്പിക്കാനുള്ള ശ്രമങ്ങളും നിലംപരിശാക്കി എന്നത് നാം കണ്ടു. അനേകം രക്തസാക്ഷികൾ ഉണ്ടായെങ്കിലും ഒടുവിൽ ഒരു വർഷത്തിലധികം നീണ്ട സമര ത്തിനൊടുവിൽ ഉണ്ടായ ഈ വിജയം 2021-ന്റെ നേട്ടം തന്നെയാണ്. എത്രതന്നെ അവഗണിച്ചാലും ചവിട്ടി അരച്ചാലും അവരെ തോൽപ്പി ക്കാനാവില്ല എന്ന തിരിച്ചറിവ് ഒടുവിൽ എൻ.ഡി.എ സർക്കാറിനു ണ്ടായി.

ഗൗരിയമ്മ, നെടുമുടിവേണു, റിസബാവ, ഡാനിഷ് സിദ്ദീഖി, ദിലീപ് കുമാർ തുടങ്ങിയവർ ഈ വർഷത്തിന്റെ നഷ്ടങ്ങളാണ്. പ്രസ്ഥാനത്തിനുവേണ്ടി അല്ലെങ്കിൽ പ്രത്യയശാസ്ത്ര നിലപാടു കൾക്ക് വേണ്ടി കുടുംബം ഉപേക്ഷിച്ചവളാണ് ഗൗരിയമ്മ എന്ന് വായി ച്ചിട്ടുണ്ട്. കേരളത്തിൽ അധികമാരും എത്തിപ്പെടാത്ത രാഷ്ട്രീയ രംഗത്തും ഏറെക്കാലം പിടിച്ചു നിൽക്കാനായി എന്നതും അവരുടെ വിജയമാണ്. റിസബാവ അറിയപ്പെടുന്ന താരം തന്നെയാണെങ്കിലും 150-തോളം സിനിമകളിൽ അഭിനയിച്ചുവെങ്കിലും അധികം സിനിമകളോ വലിയ റോളുകളും റിസബാവക്ക് കിട്ടിയില്ലെന്നുതന്നെ പറയണം. നാടകരംഗത്തുനിന്നും സിനിമയിൽ എത്തിയ അദ്ദേഹത്തിന്റെ കഴിവുകളെ പൂർണമായും ഉപയോഗപ്പെടുത്താൻ മലയാള സിനിമക്കായില്ല എന്ന്മാത്രം. എന്നാൽ മലയാളത്തിലെ വില്ലൻ റോളുകളുടെ മാറ്റം നിർണയിക്കുന്നതിൽ റിസബാവയുടെ ശരീരഭാഷക്ക് വലിയ പങ്കുവഹിക്കാൻ ആയിട്ടുണ്ട്.

നെടുമുടി വേണു അവതരിപ്പിച്ച കഥാപാത്രങ്ങളുടെ വൈവിധ്യം കൊണ്ട് തന്നെയാണ് അദ്ദേഹം ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ടത്. നെടുമുടിവേണുവിനേയല്ല അദ്ദേഹമവതരിപ്പിച്ച കഥാപാത്രങ്ങളേയാണ് മിക്കവാറും ആ സിനിമയിൽ കണ്ടത്.

റോഹിന്ഗ്യൻ അഭയാർത്ഥികൾക്ക് വേണ്ടി പ്രവർത്തിച്ച ഡാനിഷ് സിദ്ദീഖിയുടെ മരണം ഏറെ വേദനാകരം കൂടിയായിരുന്നു. റോയിട്ടേഴ്സിന്റെ ഭാഗമായിരുന്നിട്ടുകൂടി അദ്ദേഹത്തിന്റെ മരണ ത്തിൽ/ അതിന്റെ കാരണങ്ങളിൽ ദുരൂഹത അവശേഷിക്കുകയാണ്.

ISSN:2582-550X

താലിബാനാൽ കൊല്ലപ്പെട്ടിട്ട്പോലും ദേശീയതയുടെ കൊണ്ടാട്ട ക്കാർക്കിടയിൽ വലിയ താല്പര്യമുണ്ടാവില്ല. പക്ഷെ, ലോകത്തിലെ വിവിധ ഇടങ്ങളിൽ നിന്ന് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ചറിയുന്നവർ ഇതിനോട് പ്രതികരിക്കുകയുണ്ടായി. ഇന്ത്യയിലെ സാധാരണ മനുഷ്യരും, വ്യത്യസ്ത സാംസ്കാരിക പ്രവർത്തകരും ഒരുപോലെ ഡാനിഷ് സിദ്ദീഖിയുടെ മരണത്തിൽ ദുഃഖം രേഖപ്പെടുത്തിയത് 2021ലെ വേദനാജനകമായ അനുഭവമായിരുന്നു.

*എഡിറ്റർ*
*ഇശൽ പൈതൃകം*